പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2161** 07-07-2015 ൽ മറുപടിക്ക്

**പൊതുമേഖലാസ്ഥാപനങ്ങളിലെ സാങ്കേതിക വിദ്യാ ഉപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ**<br>**ശ്രീ.കെ. ദാസൻ**<br>**ശ്രീ.എം. ഹംസ**<br>**പ്രൊഫ. സി.രവീന്ദ്രനാഥ്** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യമേഖലയുമായി മത്സരിക്കാൻ സജ്ജമാക്കത്തക്കവിധം ഉയർന്ന സാങ്കേതിക വിദ്യകൾ ഫലവത്തായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. |
| (ബി) സ്വകാര്യമേഖലയിലെ വ്യവസായ അഭിവൃദ്ധിക്കായി നടപ്പാക്കുന്ന പദ്ധതികൾ പോലെ പൊതുമേഖലയിൽ നടപ്പാക്കാത്തതിനാൽ പൊതുമേഖലാസ്ഥാപനങ്ങൾക്ക് പുരോഗതി കൈവരിക്കാൻ സാധിക്കുന്നില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിയും, പദ്ധതികൾക്ക് ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങൾ സ്വീകരിക്കുന്ന വിമുഖതയും ഇത്തരം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിക്കാറുണ്ട്. |
| (സി) സാങ്കേതിക വിദ്യ പുരോഗമിക്കുന്നതിനനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അവ പ്രാവർത്തികമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) സാങ്കേതികവിദ്യ പുരോഗമിക്കുന്നതിനനുസൃതമായി പൊതുമേഖലാസ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ആധുനികവത്ക്കരണ പദ്ധതികളുടെ വിശദമായ പദ്ധതിരേഖ കമ്പനി ബോർഡിന്റെയും സർക്കാരിന്റെയും അനുമതിയോടുകൂടിയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ